നടപ്പിലാക്കി വരുന്നത്. ബി.പി.എൽ. വിഭാഗത്തിലുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസറുടെ ശിപാർശയോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നൽകുന്ന മുറക്ക് അർഹതക്ക് വിധേയമായി തുക അനുവദിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറത്തുള്ള തുക മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നാണ് ചെലവഴിക്കുന്നത്.

മാതൃകാ അങ്കണവാടികൾ

17(*286) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി ഉയർത്തി, 23.75 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 നിയോജക മണ്ഡലത്തിൽ 10 സെന്റ് സ്ഥലത്തിനകത്ത് രണ്ട് നിലകളിലായി 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മാതൃകാ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നത്. ക്ലാസ് റൂം, അടുക്കള, വയോജനങ്ങൾക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം,വർക്ക്ഏര്യാ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ, അമ്മമാരുടെ യോഗങ്ങൾ, കുമാരി ക്ലബ്ബുകൾ, ഇമ്മ്യൂണൈസേഷൻ എന്നീ സൗകര്യങ്ങളും വൃദ്ധർക്കുള്ള വായനാമുറി മറ്റു വിവിധ വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് മാതൃകാ അങ്കണവാടി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്ക് അതായത് കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/സ്ത്രീകൾ, വയോജനങ്ങൾ എന്നിവർക്ക് വിവിധ സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 10 സെന്റ് ഭൂമിയും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും ലഭിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നുണ്ട്. നിലവിൽ 115 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 51 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗ് മുഖാന്തരമാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നത്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

18(*287) ശ്രീമതി കെ. കെ. ലതിക:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പച്ചക്കറിയുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പച്ചക്കറി ഉല്പാദനരംഗത്ത് സർക്കാരിന്റെ നേരിട്ടുള്ള സംരംഭങ്ങൾ എന്തൊക്കെയാണ് ; സർക്കാർ ഭൂമിയിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പച്ചക്കറി ഉല്പാദനം നടത്തുന്നുണ്ടോ ; വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): (എ) സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറിയുടെ നാലിൽ മൂന്ന് ഭാഗത്തോളം തദ്ദേശമായി ഉല്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ 5320 മെട്രിക് ടൺ പച്ചക്കറിയിൽ ഏതാണ്ട് 3900 മെട്രിക് ടൺ കേരളത്തിൽ നിന്നുതന്നെ ലഭ്യമാവുന്നുണ്ട്.

(ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് വേണ്ടി കൃഷി വകുപ്പ് കഴിഞ്ഞ 4 വർഷമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി നമുക്ക് ആവശ്യമായ പച്ചക്കറിയുടെ നാലിൽ മൂന്നു ഭാഗത്തോളം തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly